**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2385

12.06.2018-ൽ മറുപടിക്ക്

**മുദ്രപത്രങ്ങൾക്കും റവന്യൂ സ്റ്റാമ്പുകൾക്കുമുള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.റ്റി.എം.തോമസ് ഐസക്** **(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** | |
| എ) | ചെറിയ വിലയുടെ മുദ്രപത്രങ്ങൾക്കും റവന്യൂ സ്റ്റാമ്പുകൾക്കും കടുത്തക്ഷാമം അനുഭവപ്പെടുന്നതു മൂലം ജനന-മരണ സർട്ടിഫിക്കറ്റുകൾ മുതൽ വിവിധ ഉടമ്പടികൾവരെയുള്ളവയ്ക്കായി സാധാരണക്കാർ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. സംസ്ഥാനത്ത് ചെറിയ തുകകൾക്കുള്ള സ്റ്റാമ്പ് പേപ്പറുകൾക്ക് ചില ജില്ലകളിൽ പ്രാദേശികമായി ക്ഷാമം അനുഭവപ്പെട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| ബി) | ഇതു പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ബി) | ഉണ്ട്. മുദ്രപത്ര ക്ഷാമം ശ്രദ്ധയിൽപെട്ടപ്പോൾ തന്നെ കുറഞ്ഞ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറുകൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് ആവശ്യാനുസരണം നൽകി ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 50/-, 100/- രൂപ മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ 50/- രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും, 7 മുതൽ 10 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ 100/- രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും പുനർ മൂല്യനിർണ്ണയം ചെയ്ത് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ട്രഷറി / സ്റ്റാമ്പ് ഡിപ്പോകളിൽ പുനർ മൂല്യനിർണ്ണയം ചെയ്ത 50/- രൂപയുടെയും 100/- രൂപയുടെയും നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ സബ് ട്രഷറികൾക്കും, വെണ്ടർമാർക്കും വിതരണം ചെയ്തിട്ടുണ്ട്.<br>നിലവിൽ നാസിക്കിലെ ഇന്ത്യാ സെക്യൂരിറ്റി |

പ്രസ്സിൽ നിന്നും എത്തിച്ച മുദ്ര പത്രങ്ങളും സ്റ്റാമ്പുകളും ട്രഷറികൾക്ക് തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ മുഖേന വിതരണം ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ ചെറിയ വിലയുള്ള മുദ്രപത്രങ്ങൾക്കും റവന്യൂ സ്റ്റാമ്പുകൾക്കും ട്രഷറികളിൽ അനുഭവപ്പെട്ടിരുന്ന ക്ഷാമത്തിന് പരിഹാര മായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**